**A** **602**

# സമഗ്ര ശിക്ഷാ കേരളം
# വാർഷിക മൂല്യനിർണയം 2021-22

## മലയാളം

ക്ലാസ് : 6 | **കേരളപാഠാവലി** | സമയം: 2 മണിക്കൂർ

### *നിർദേശങ്ങൾ*

1. മൂല്യനിർണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് 15 മിനിട്ട് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ചു മനസ്സിലാക്കാനുള്ളതാണ്.
2. എട്ട് പ്രവർത്തനങ്ങളാണ് നൽകിയിട്ടുള്ളത്. ഇതിൽ അഞ്ച് പ്രവർത്തനങ്ങൾക്ക് മാത്രം ഉത്തരം എഴുതിയാൽ മതി..

---

**പ്രവർത്തനം 1 – കണ്ടെത്താം എഴുതാം**

**തന്നിരിക്കുന്ന കുറിപ്പ് വായിച്ച് താഴെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം നൽകുക.**

നിങ്ങൾ മഴവില്ല് കണ്ടിട്ടുണ്ടോ? കുറച്ച് മഴക്കാറും നനവുമുള്ള ദിവസങ്ങളിലാണ് ഇതു പ്രത്യക്ഷപ്പെടുക. ഏഴുനിറങ്ങൾ മനോഹരമായി ഒന്നൊന്നായി ചാലിച്ചടുക്കിയപോലെ ഒരു വലിയ വില്ലിന്റെ ആകൃതിയിൽ ആകാശത്ത് ഈ അത്ഭുതം തെളിയുന്നു. ഏതു മഹാചിത്രകാരനാണിതിന്റെ പിന്നിൽ? പ്രകൃതി എന്നാണുത്തരം. സൂര്യനും അന്തരീക്ഷത്തിലെ പൊടിപടലങ്ങളും അദൃശ്യതരംഗങ്ങളും എല്ലാം കൂടിച്ചേർന്ന് ഈ സൗന്ദര്യം നമ്മെ കാട്ടിത്തരുന്നു. പക്ഷേ നിങ്ങൾ ഈ കാഴ്ച കണ്ടിട്ടുണ്ടോ എന്നെനിക്ക് സംശയമാണ്. മുകളിലേക്ക്, മാനത്തേക്ക് ഇടയ്ക്കിടെ നോക്കിയാൽ മാത്രമല്ലേ ഈ കാഴ്ചയൊക്കെ കാണാനൊക്കുകയുള്ളൂ. നോക്കിയാൽ പിന്നെയും പലതും കാണാം. ആകാശത്ത് ചിറകുകൾ ചലിപ്പിക്കാതെ പറന്നു വട്ടം ചുറ്റുന്ന പരുന്തുകൾ. പലപല വിചിത്രാകൃതികൾ മാറി മാറി അണിയുന്ന മേഘങ്ങൾ. പഞ്ഞിക്കെട്ടുകൾപോലെ, തിരകൾ പോലെ, വെളുത്ത കുന്നുകൾ പോലെ, കിളിച്ചിറകുകൾ പോലെ...

സുഗതകുമാരി

(എ) എന്തിനെയാണ് മായാദൃശ്യമായി സൂചിപ്പിച്ചിരിക്കുന്നത്?
(ആകാശത്തെ, കിളിച്ചിറകുകളെ, മഴവില്ലിനെ)

(ബി) തിരകൾ പോലെ കാണപ്പെടുന്നത് എന്ത്?
(പ്രകൃതി, മേഘങ്ങൾ, പരുന്തുകൾ)

(സി) ആകാശത്ത് ഏഴുനിറങ്ങൾ ചാലിച്ചടുക്കിയ മഹാചിത്രകാരൻ ആര്?
(മഴവില്ല്, പ്രകൃതി, മേഘങ്ങൾ)

(ഡി) മാനം എന്ന വാക്കിന് സമാനാർത്ഥം വരുന്ന രണ്ട് പദങ്ങൾ എഴുതുക.
(വാനം, കാഞ്ചനം, ഗഗനം, നവീനം)

**പ്രവർത്തനം 2 – ആസ്വാദനക്കുറിപ്പ് തയ്യാറാക്കാം**

അമ്മയും കുഞ്ഞും തമ്മിലുള്ള നിഷ്കളങ്ക സ്നേഹം 'ഒരു ചിത്രം' എന്ന കവിതയിൽ നിങ്ങൾ കണ്ടുവല്ലോ? ഈ കവിത വായിച്ചു നോക്കൂ.

**കൊച്ചനുജത്തി**

കൊച്ചനുജത്തിയീക്കുട്ടിക്കുറുമ്പിയെ
പ്പിച്ചവെയ്പ്പിച്ചെന്റെ കൈ കുഴഞ്ഞു!
മിണ്ടാതിരിക്കയുമില്ലിവൾ, നിർത്താതെ
കിന്നാരമോതിയെൻ വായ് കടഞ്ഞു!

കണ്ടതു കണ്ടതു കേറിപ്പിടിച്ചവൾ
ഉണ്ടാക്കിടാത്ത കുഴപ്പമില്ല!
എപ്പോഴുമെന്നോടരുതെന്നു ചൊല്ലുമെൻ
അച്ഛനും കൊഞ്ചിപ്പതെന്തുകൊണ്ടോ!
അമ്മയ്ക്കുമില്ല പരാതി; "അവൾ കൊച്ചു-
കുഞ്ഞല്ലീ?" യെന്നേ പറഞ്ഞിടുന്നൂ!
എങ്കിലും, എങ്കിലും സ്കൂളുവിട്ടെത്തുമ്പോൾ
ഉമ്മറത്തില്ലവളെങ്കിൽ, എന്റെ
കണ്ണു നിറയുമേ! ആണയിടാം, എന്റെ
കുഞ്ഞനിയത്തിയെൻ ജീവനാണേ!

– ആത്മാരാമൻ

(എ) ഈ കവിതയ്ക്ക് ഒരു ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക.
(ബി) 'കല്യാണസൗഗന്ധികം' തുള്ളൽ രചിച്ചത് ആര്?
(എഴുത്തച്ഛൻ, കുഞ്ചൻനമ്പ്യാർ, ചെറുശ്ശേരി)
(സി) 'ഓടയിൽ നിന്ന്' എന്ന നോവലിന്റെ രചയിതാവ്
(കെ.പി.കേശവമേനോൻ, തകഴി, പി.കേശവദേവ്)

പ്രവർത്തനം 3 ലഘു കുറിപ്പ് എഴുതാം

> വടക്കേ മലബാറിന്റെ നൂറ്റാണ്ടുകൾ പഴക്കമുള്ള തനതു കലാരൂപമാണ് തെയ്യം. കാസർഗോഡ്, കണ്ണൂർ ജില്ലകളിലാണ് ഈ അനുഷ്ഠാനകല കെട്ടിയാടുന്നത്. ദൈവം എന്നതിന്റെ വാമൊഴി രൂപമാണ് തെയ്യം. മനോഹരമായ മുഖത്തെഴുത്തും, കുരുത്തോലകളും പൂക്കളും മറ്റും ഉപയോഗിച്ചുള്ള ആടയാഭരണങ്ങളും തെയ്യത്തിനുണ്ട്. ചെണ്ട, ചേങ്ങില, ഇലത്താളം, കുറുങ്കുഴൽ, തകിൽ തുടങ്ങിയ വാദ്യോപകരണങ്ങളും ഈ അനുഷ്ഠാനകലയിൽ ഉപയോഗിക്കുന്നു.

(എ) തെയ്യം എന്ന കലാരൂപത്തെക്കുറിച്ച് തന്നിരിക്കുന്ന കുറിപ്പ് വായിച്ചില്ലേ. നിങ്ങൾക്ക് പരിചയമുള്ള ഏതെങ്കിലും ഒരു കലാരൂപത്തെക്കുറിച്ച് ലഘു കുറിപ്പ് എഴുതൂ.
(ബി) സാബിർ ബാബു പിൽക്കാലത്ത് പ്രശസ്തനായ ഒരു സംഗീത സംവിധായകനായി മാറിയത് ഏത് പേരിൽ?
(ബാബുരാജ്, അബ്ദുൾ ഖാദർ, മെഹബൂബ്)
(സി) സമുദായ സൗഹാർദ്ദത്തെ കാണിക്കുന്ന പടയണിയിലെ ഒരു വേഷം
(കുഞ്ഞുണ്ണി, കുരുവി, അന്തോണി)

പ്രവർത്തനം 4 അഭിപ്രായക്കുറിപ്പ്
ഓരോ വീടും ഓരോ വിദ്യാലയമാണ്. മാതാപിതാക്കൾ അധ്യാപകരും."

– മഹാത്മാഗാന്ധി

(എ) കോവിഡ് കാലത്തെ നിങ്ങളുടെ പഠനം എങ്ങനെയായിരുന്നു? ആരെല്ലാമാണ് നിങ്ങളെ പഠനത്തിന് സഹായിച്ചത്? സ്വന്തം അനുഭവങ്ങളെ മുൻനിർത്തി ഗാന്ധിജിയുടെ മേൽ പ്രസ്താവനയെക്കുറിച്ച് നിങ്ങളുടെ അഭിപ്രായം ഒരു കുറിപ്പായി രേഖപ്പെടുത്തൂ.
(ബി) മാതൃക പോലെ എഴുതുക.
സസ്നേഹം – സ്നേഹത്തോടുകൂടി
'സസന്തോഷം' –
സി) 'പുരുഷാരം' എന്നർത്ഥം വരുന്ന പദം ഏത്?
(സാഗരം, ആൾക്കൂട്ടം, ആരവം)

## പ്രവർത്തനം 5 – താരതമ്യക്കുറിപ്പ്

ഉത്സവത്തിൻ വിലാസങ്ങൾ പോലും
മത്സരത്തിന് മാത്രമാണെങ്കിൽ
..............................................................
..............................................................
അന്തമറ്റൊരീ ജീവിതമേതോ
പന്തയമെങ്കിൽ, എന്തതിൽ കാമ്യം?

'സാധ്യമെന്ത്?' എന്ന കവിതയിൽ ഉത്സവങ്ങൾ മത്സരമാകുന്ന കാലത്തെക്കുറിച്ച് നമ്മൾ മനസ്സിലാക്കി. താഴെ കൊടുത്ത കവിത നോക്കൂ.

<u>തൊട്ടാവാടി</u>

മുള്ളുണ്ടായിട്ടും
തൊട്ടാവാടി എപ്പോഴും തോറ്റു തരുന്നത്
ജയിക്കാൻ അറിയാഞ്ഞിട്ടല്ല
സ്നേഹിക്കുന്നവർ
സന്തോഷിക്കട്ടേയെന്ന് കരുതിയിട്ടാ.

**നജ്മ**
**(6-ാം ക്ലാസ്, എച്ച്.എ.യു.പി.എസ്. അക്കര)**

(എ) 'സാധ്യമെന്ത്?' എന്ന കവിതയിലെ വരികളും 'തൊട്ടാവാടി' എന്ന കവിതയും താരതമ്യം ചെയ്ത് ഒരു കുറിപ്പെഴുതുക.

(ബി) പുഴ എന്നർത്ഥം വരാത്ത പദം ഏത്?
(ആറ്, നദി, ആഴി)

(സി) 'കാപ്പിരികളുടെ നാട്ടിൽ' എന്ന യാത്രാവിവരണം എഴുതിയതാര്?
(സേതു, എസ്.കെ. പൊറ്റക്കാട്, രവീന്ദ്രൻ)

## പ്രവർത്തനം 6 കഥാപാത്രനിരൂപണം

(എ) വെല്ലുവിളികളെയും തടസ്സങ്ങളെയും ഭയപ്പെടാത്തവനാണ് പപ്പു. 'ഓടയിൽ നിന്ന്' എന്ന കഥയിൽ പപ്പുവിന്റെ ഈ സ്വഭാവസവിശേഷത നിങ്ങൾ മനസ്സിലാക്കിയല്ലോ?
പപ്പുവിന്റെ മറ്റു സവിശേഷതകൾ കൂടി ഉൾപ്പെടുത്തി കഥാപാത്രനിരൂപണം തയ്യാറാക്കൂ.

(ബി) 'ചേലുറ്റ' എന്നതിന്റെ അർത്ഥം
(ആഭരണം, ചിരിക്കുന്ന, ഭംഗിയുള്ള)

(സി) 'പുതുമ' എന്ന വാക്കിന്റെ എതിർപദം
(നന്മ, പഴമ, തനിമ)

## പ്രവർത്തനം 7 സംഭാഷണം തയ്യാറാക്കാം

(എ) ഹാമെലിൻ പട്ടണത്തിലെ എലികളെ തുരത്താൻ വന്ന കുഴലൂത്തുകാരൻ അവസാനം ചെയ്തത് നിങ്ങൾ കണ്ടുവല്ലോ?
നിങ്ങൾ ആ കുഴലൂത്തുകാരനെ കണ്ടുമുട്ടിയാൽ നടത്താനിടയുള്ള സംഭാഷണം തയ്യാറാക്കൂ.

(ബി) എലി – പകരം പദമെഴുതുക
(ശുനകൻ, മൂഷികൻ, പൃശകൻ)

(സി) കൂട്ടത്തിൽ ചേരാത്ത പദം എഴുതുക.
(കാനനം, പത്തനം, വനം)

പ്രവർത്തനം 8 – പ്രതികരണക്കുറിപ്പ് എഴുതാം
താഴെ കൊടുത്ത കവിത വായിക്കൂ.

**മുറിവേറ്റ പാട്ട്**

ഒരു ചില്ല മുറിച്ചേയുള്ളൂ,
ഒരു കൂട് മറിഞ്ഞേ വീണു.
ഒരു മുട്ടയുടഞ്ഞു, വാനം
മുറിവേറ്റു പിളർന്നതുപോലെ
പിറവിക്കായ് കാത്തുകിടന്നൊരു
കിളിയൊന്നു കരഞ്ഞു, കുഞ്ഞി-
ച്ചിറകിന്റെയനക്കം, പെട്ടെ -
ന്നതുപോലും പിന്നെ നിലച്ചു.
ഒരു ജന്മം മുഴുവൻ പാടാൻ
കഴിവുള്ളൊരു ചുണ്ടിൽ കേട്ടത്
ഇടനെഞ്ച് പിടയ്ക്കും പോലൊരു
ഇഴയുന്ന ഞരക്കം മാത്രം.
ഒരു വാക്കു മുറിഞ്ഞതുപോലെ
ഒരു നാക്ക് പിളർന്നതുപോലെ

(എ) 'ചിത്രശലഭങ്ങൾ', 'പുഴ' എന്നീ പാഠഭാഗങ്ങളിലൂടെ ഉൾക്കൊണ്ട ആശയങ്ങളും, ഈ കവിത നിങ്ങളിൽ ഉണർത്തിയ പ്രതികരണങ്ങളും ഉൾപ്പെടുത്തിക്കൊണ്ട് ഒരു കുറിപ്പ് തയ്യാറാക്കൂ.

(ബി) മുത്തശ്ശി, മാലാഖയെ പ്രതിമയാക്കിയത് എന്തിനാണ്?
(രക്ഷിക്കാൻ, ദേഷ്യം കൊണ്ട്, അഹങ്കാരം കൊണ്ട്)

(സി) 'ചിത്രശലഭങ്ങൾ' എന്ന നാടകം ഏത് നാടകസമാഹാരത്തിലേതാണ്?
(തുലാവർഷപ്പച്ച, കറുത്തദൈവത്തെ തേടി, പ്ലാവിലത്തൊപ്പികൾ)